**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1473** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷി ഇല്ലാത്തതുമായ ഭൂമി തരംമാറ്റുന്ന നടപടികളുടെ ഭാഗമായി എത്ര പേർക്ക് ഭൂമി തരംമാറ്റി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്താകെ ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷി ഇല്ലാത്തതുമായ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി സംബന്ധമായ 59,940 ഓഫ് ലൈൻ അപേക്ഷകളും 2,90,856 ഓൺലൈൻ അപേക്ഷകളും കൂടി ആകെ 3,50,409 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് |
| (ബി) | കാസർഗോഡ് ജില്ലയിൽ ഭൂമി തരംമാറ്റാനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ? | (ബി) | കാസറഗോഡ് ജില്ലയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം 5, ഫോറം 6, ഫോറം 7, ഫോറം 9 ആയി ആകെ 4551 ഓൺ ലൈൻ അപേക്ഷകളും, 93 ഓഫ് ലൈൻ അപേക്ഷകളും കൂടി ആകെ 4644 അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്. കുടിശ്ശികയുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരികയാണ്. പുതിയ അപേക്ഷകൾ തുടർച്ചയായി സമർപ്പിക്കപ്പെടുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ